**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3925** **03-03-2023 - ൽ മറുപടിയ്ക്ക്**

**വധശിക്ഷയുടെ വിവരങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കേരളപ്പിറവിക്ക് ശേഷം കേരളത്തിൽ എത്ര പേർക്ക് വധശിക്ഷ നടപ്പാക്കി; വ്യക്തമാക്കാമോ; | (എ) | കേരളപ്പിറവിക്കു ശേഷം കണ്ണൂർ സെൻട്രൽ ജയിലിൽ 26 പേരുടെ വധശിക്ഷ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ വധശിക്ഷ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കാലപ്പഴക്കത്താൽ ഇതു സംബന്ധിച്ച രേഖകൾ ഒന്നും ലഭ്യമല്ല. |
| (ബി) | ഏതെല്ലാം വർഷം, ഏതൊക്കെ ജയിലിൽ എന്ന വിവരം നൽകുമോ; | (ബി) | കണ്ണൂർ സെൻട്രൽ ജയിലിൽ നടപ്പിലാക്കിയ വധശിക്ഷയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | അവസാനമായി കേരളത്തിൽ വധശിക്ഷ നടപ്പാക്കിയ വർഷം ഏതെന്ന് വ്യക്തമാക്കാമോ; | (സി) | 1991 |
| (ഡി) | നിലവിൽ അന്തിമ വിധി വന്ന ശേഷം എത്ര ആളുകൾ വധശിക്ഷ കാത്ത് ജയിലിൽ കഴിയുന്നുണ്ട്; ഏതെല്ലാം കേസുകളിലാണ് ശിക്ഷിക്കപ്പെട്ടതെന്നും ഏത് വർഷത്തിലാണ് വധശിക്ഷക്കുള്ള അന്തിമ വിധി വന്നതെന്നും അറിയിക്കുമോ? | (ഡി) | നിലവിൽ അന്തിമ വിധി വന്ന ശേഷം വധ ശിക്ഷ കാത്ത് കഴിയുന്ന ആരും തന്നെ ജയിലിൽ കഴിയുന്നില്ല. |

സെക്ഷൻ ഓഫീസർ

'5634885/2023

# അനുബന്ധം

| വർഷം | എണ്ണം |
|---|---|
| 1958 | 1 |
| 1960 | 5 |
| 1961 | 1 |
| 1963 | 5 |
| 1964 | 2 |
| 1965 | 1 |
| 1966 | 1 |
| 1967 | 3 |
| 1968 | 1 |
| 1971 | 1 |
| 1972 | 3 |
| 1990 | 1 |
| 1991 | 1 |